ഗർഭിണികളായ ഉദ്യോഗാർത്ഥികൾക്ക് പരീക്ഷാ സെന്ററുകൾ അനുവദിക്കൽ

28 (3531) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി പരീക്ഷകളിൽ ഗർഭിണികളായ ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലകളിൽ പരീക്ഷാ സെന്ററുകൾ അനുവദിക്കാത്തതുമൂലം പരീക്ഷകൾ എഴുതുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗർഭിണികളായ ഉദ്യോഗാർത്ഥികൾ കേരളത്തിലെ ഏത് ജില്ലയിലെ ഏത് തസ്തികയ്ക്ക് വേണ്ടി അപേക്ഷിച്ചാലും പരീക്ഷാ സെന്ററുകൾ സ്വന്തം ജില്ലയ്ക്ക് പുറത്താണ് ലഭിക്കുന്നതെങ്കിൽ അവരുടെ അപേക്ഷ സ്വീകരിച്ച് സ്വന്തം ജില്ലയിൽ പരീക്ഷാ സെന്റർ അനുവദിച്ചിരുന്ന നടപടി 2015 മെയ് മാസത്തിനുശേഷം അവസാനിപ്പിച്ചതിന് കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലയിൽ പരീക്ഷാ സെന്റർ അനുവദിക്കുന്നതിന് പി.എസ്.സി.-യ്ക്ക് നിർദ്ദേശം നൽകുകയും ആയതിനുള്ള മറ്റ് നടപടികൾ കൈക്കൊള്ളുമോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) പരീക്ഷാ നടപടിക്രമങ്ങളുടെ ഭാഗമായി ഒരു നിശ്ചിത പരീക്ഷയ്ക്ക് ജില്ലാതലത്തിലോ സംസ്ഥാന തലത്തിലോ സെന്ററുകൾ അനുവദിക്കുമ്പോൾ, ഗർഭിണികളായ ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവരവരുടെ ജില്ലകളിൽ തന്നെ (ടി ജില്ലയിൽ പരീക്ഷ നടക്കുന്നുവെങ്കിൽ മാത്രം) സൗകര്യപ്രദമായ പരീക്ഷാ സെന്ററുകൾ നൽകുന്ന രീതി നിലവിൽ തുടർന്ന് വരുന്നുണ്ട്.

ജനസമ്പർക്ക പരിപാടി

29 (3532) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടികളോടനുബന്ധിച്ച് ബഹു. മുഖ്യമന്ത്രി ഓരോ ജില്ലയിലും പ്രാവർത്തികമാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ ഇനിയും പൂർണ്ണമായും നടപ്പിലാക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ പദ്ധതിയും എന്ന് പൂർത്തിയാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്, വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജനസമ്പർക്ക പരിപാടികളിൽ ഓരോ ജില്ലയിലും പ്രഖ്യാപിച്ച പല പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ വിവിധ തലങ്ങളിൽ പുരോഗമിക്കുന്നു.

(ബി) സമയബന്ധിതമായി പൂർത്തീകരിക്കുവാനാണ് തീരുമാനം.

അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകളിലെ നിയമനം

30 (3533) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, ലോക്കൽഫണ്ട് ആഡിറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, പി.എസ്.സി.എന്നിവിടങ്ങളിൽ അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ബി) 2016 മാർച്ച് 31 വരെ പ്രസ്തുത തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളെത്ര;

(സി) പ്രസ്തുത തസ്തികയിലെ നിലവിലെ എല്ലാ ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഡി) ടി വകുപ്പുകളിൽ പുതിയതായി അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശകൾ പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയെല്ലാം; എത്ര വീതം തസ്തികകളാണ് സൃഷ്ടിക്കാൻ ശിപാർശ ലഭിച്ചിട്ടുള്ളത്;

(ഇ) പ്രസ്തുത തസ്തികയിൽ നിലവിലുള്ള എല്ലാ ഒഴിവുകളിലും പ്രതീക്ഷിത ഒഴിവുകളിലും സൂപ്പർ ന്യൂമററിയായി ഉദ്യോഗാർത്ഥികൾക്ക് അടിയന്തരമായി നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ;

(എഫ്) ആരോഗ്യസർവ്വകലാശാലയിലെ സമാന തസ്തികയിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ നിയമനത്തിനായി സെക്രട്ടേറിയറ്റിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്നതിനുള്ള ശിപാർശ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിൽ ഓഡിറ്റർ തസ്തികയിൽ 32 ഒഴിവുകളും, അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ അസിസ്റ്റന്റ് തസ്തികയിൽ 1 ഒഴിവും നിലവിലുണ്ട്. അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയുടെ തെരഞ്ഞെടുപ്പിനായി നിലവിൽ P.S.C.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ കൂടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly